**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 1843** **22.03.2012-ൽ മറുപടിക്ക്.**

**ഇടുക്കി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഒരു ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന്റെ സുഗമമായ പ്രവർത്തനത്തിന് എന്തെല്ലാം സജ്ജീകരണങ്ങളും ജീവനക്കാരുടെ ലഭ്യതയുമാണ് വേണ്ടതെന്ന് അറിയിക്കുമോ ; | (എ) ഒരു ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന്റെ സുഗമമായ പ്രവർത്തനത്തിന് അവശ്യം വേണ്ട ജീവനക്കാരുടെയും ഉപകരണങ്ങളുടെയും വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഇടുക്കി നിയോജകമണ്ഡലത്തിലെ ഇടുക്കിയിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന്റെ പ്രവർത്തനം എന്നുമുതലാണ് ആരംഭിച്ചത് ; പ്രസ്തുത കാലയളവിൽ എന്തെല്ലാം സജ്ജീകരണങ്ങളാണ് ഈ സ്റ്റേഷനിൽ ഉണ്ടായിരുന്നത് ; വ്യക്തമാക്കുമോ ; | (ബി) 21.08.2005-ൽ; 2 ഫയർ ടെണ്ടറുകൾ, 1 ആംബുലൻസ് എന്നീ വാഹനങ്ങളാണ് പ്രവർത്തനം ആരംഭിക്കുന്ന സമയത്ത് ഇടുക്കി നിലയത്തിലുണ്ടായിരുന്നത്. |
| (സി) ഇടുക്കി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ അഭിമുഖീകരിക്കുന്ന പോരായ്മകൾ എന്തെല്ലാമാണ് ; ആയത് പരിഹരിക്കാൻ 2012-13 സാമ്പത്തികവർഷം ആവശ്യമായ തുക നീക്കിവയ്ക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) ഇടുക്കി നിലയത്തിൽ ജീവനക്കാരെ ഇപ്പോഴും റീ-ഡിപ്ലോയ്മെന്റ് വഴിയാണ് നിയമിക്കുന്നത്. എമർജൻസി ടെണ്ടർ, ജീപ്പ്, ഫ്ലോട്ട് പമ്പ് മുതലായവയുടെ കുറവുണ്ട്. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ഒരു ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന്റെ സുഗമമായ പ്രവർത്തനത്തിന് അവശ്യം വേണ്ട ജീവനക്കാരുടെയും ഉപകരണങ്ങളുടെയും വിവരം ചുവടെ ചേർക്കുന്നു:

| ജീവനക്കാരുടെ വിവരം | | | |
|---|---|---|---|
| 1. | സ്റ്റേഷൻ ഓഫീസർ | : | 1 എണ്ണം |
| 2. | അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ | : | 1 എണ്ണം |
| 3. | ലീഡിംഗ് ഫയർമാൻ | : | 4 എണ്ണം |
| 4. | ഡ്രൈവർ മെക്കാനിക്ക് | : | 1 എണ്ണം |
| 5. | ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ | : | 7 എണ്ണം |
| 6. | ഫയർമാൻ | : | 24 എണ്ണം |
| 7. | എൽ. ഡി. ക്ലാർക്ക് | : | 1 എണ്ണം |
| 8. | പാർട്ട് ടൈം സ്വീപ്പർ | : | 1 എണ്ണം |

| വാഹനങ്ങളുടെ വിവരം | | | |
|---|---|---|---|
| 1) | ഫയർ ടെണ്ടർ | : | 2 എണ്ണം |
| 2) | ആംബുലൻസ് | : | 1 എണ്ണം |
| 3) | പോർട്ടബിൾ പമ്പ് | : | 1 എണ്ണം |
| 4) | എമർജൻസി ടെണ്ടർ | : | 1 എണ്ണം |
| 5) | ജീപ്പ് | : | 1 എണ്ണം |
| 6) | അഗ്നിശമന ഉപകരണങ്ങൾ | : | 1 സെറ്റ് |
| 7) | ഫർണീച്ചർ | : | 1 സെറ്റ് |

സെക്ഷൻ ഓഫീസർ